ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/3364/2026-C2 (ACA                                        തീയതി:15-05-2026

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം- വിദ്യാഭ്യാസം- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം- അക്കാദമിക് സെക്ഷൻ - കോളേജ് ക്യാമ്പസുകളിൽ രക്തദാനം സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ വേണ്ട നടപടി സ്വീകരിക്കണം എന്നത് -സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നം.K1/54/2026/HEDN തീയതി: 22.04.2026

പതിനഞ്ചാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി XII മുമ്പാകെ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി 24.02.2026 ൽ സമർപ്പിച്ച സുരക്ഷിതമായ രക്തബാങ്കിംഗ് സംവിധാനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശയായ " കോളേജ് ക്യാമ്പസുകളിൽ രക്തദാനം സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ വേണ്ട നടപടി സ്വീകരിക്കണം " എന്നതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സൂചന കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. ടി ശിപാർശ നടപ്പിലാക്കുന്നതിനായി പതിനഞ്ചാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി XII, സുരക്ഷിതമായ രക്തബാങ്കിംഗ് സംവിധാനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Digitally signed by
ANI ABRAHAM
Date: 15-05-2026
17:26:19

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

# പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

## 'സുരക്ഷിതമായ രക്തബാങ്കിങ് സംവിധാനം' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം235(1)(iii) പ്രകാരമുള്ളത് ]**

2026 ഫെബ്രുവരി 24-ാം തീയതി സമർപ്പിച്ചത്
Presented on 24th February 2026

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026



File No. DTETVM/3364/2026-C2 (ACA) (Computer No. 315522)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII

# (ആരോഗ്യവും കുടുംബക്ഷേമവും)

'സുരക്ഷിതമായ രക്തബാങ്കിങ് സംവിധാനം' സംബന്ധിച്ച
പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ളത്]

256/2026.



File No. DTETVM/3364/2026-C2 (ACA) (Computer No. 315522)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |




File No. DTETVM/3364/2026-C2 (ACA) (Computer No. 315522)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

# സബ്ജക്ട് കമ്മിറ്റി XII
# ആരോഗ്യവും കുടുംബക്ഷേമവും
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>:

ശ്രീമതി വീണാ ജോർജ്,
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.



File No. DTETVM/3364/2026-C2 (ACA) (Computer No. 315522)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ഈ റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസ് (BTS) ഏതൊരു ആരോഗ്യ സംരക്ഷണ വിതരണ സംവിധാനത്തിലും ഒരു സുപ്രധാന ഘടകമാണ്. നിത്യേനയുണ്ടാകുന്ന റോഡപകടങ്ങൾ, ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, ശസ്ത്രക്രിയകൾ തുടങ്ങിയ സന്ദർഭങ്ങളിലും കാൻസർ, ഡെങ്കു, ഹീമോഫിലിയ, തലാസീമിയ തുടങ്ങിയ രോഗാവസ്ഥകളിലും ജീവൻ നിലനിർത്തുന്നതിന് വേണ്ടി രക്തമോ, രക്ത ഘടകങ്ങളോ ആവശ്യമായി വരുന്നു. മെഡിക്കൽ സയൻസ്, റോബോട്ടിക് സർജറി ഉൾപ്പെടെയുള്ള നിരവധി നേട്ടങ്ങൾ ആരോഗ്യരംഗം കൈവരിച്ചിട്ടുണ്ടെങ്കിലും കൃത്രിമമായി രക്തം നിർമ്മിക്കാൻ സാധിക്കാത്തതു കൊണ്ടാണ് രക്തദാനം എന്ന സമ്പ്രദായം ഇന്നും നിലനിൽക്കുന്നത്. രക്തദാനത്തിലൂടെ അനേകം ജീവൻ രക്ഷിക്കാൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിലാണ് സുരക്ഷിതമായ രക്ത ബാങ്കിങ് സംവിധാനം എന്ന വിഷയം സംബന്ധിച്ച് സമിതി ചർച്ച നടത്തിയത്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് 25-9-2024 തീയതിയിൽ ചേർന്ന സമിതി യോഗത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും പ്രസ്തുത യോഗങ്ങളിൽ ലഭ്യമാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഈ വിഷയത്തിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വീണാ ജോർജ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 24.



File No. DTETVM/3364/2026-C2 (ACA) (Computer No. 315522)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

# റിപ്പോർട്ട്

## സുരക്ഷിതമായ രക്ത ബാങ്കിങ് സംവിധാനം

രക്തദാനം ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട ഒരു സേവന ഘടകമാണ്. ആരോഗ്യരംഗം നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും കൃത്രിമമായി രക്തം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. പണ്ട് കാലത്ത് ഒരാളിൽ നിന്നും ശേഖരിക്കുന്ന രക്തം അതേപടി മറ്റൊരാൾക്ക് നല്കുമായിരുന്നു. ഇതുമൂലം ചില സാംക്രമിക രോഗങ്ങളുടെ സംക്രമണം നടക്കുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിതമായി രക്തദാനം ചെയ്യുന്നതെങ്ങനെയെന്നത് സംബന്ധിച്ച് ഇന്ത്യാ ഗവണ്മെന്റ് ഒരു പോളിസി കൊണ്ടു വരികയുണ്ടായി.

1996-ലെ CWP 91/1992-ലെ സുപ്രീം കോടതി വിധി നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും (NBTC) സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും (SBTCs) സ്ഥാപിക്കുന്നതിലേക്ക് നയിക്കുകയും ബ്ലഡ് ട്രാൻസ്ഫ്യൂഷന് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമപ്രകാരം രക്ത കേന്ദ്രങ്ങൾക്ക് നിർബന്ധിത ലൈസൻസ് 1997-ൽ നടപ്പിലാക്കുകയും ചെയ്തു . 1998-ൽ പണം അടച്ചുള്ള രക്തദാനത്തിന് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയതോടെ സ്വമേധയാ ഉള്ളതും പ്രതിഫലം ലഭിക്കാത്തതുമായ രക്തദാതാക്കളെ ആശ്രയിക്കുന്ന ഒരു ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സംവിധാനം ഉണ്ടായി. രക്തവും പ്ലാസ്മയും സംബന്ധിച്ച വിഷയങ്ങൾക്കായുള്ള ഉന്നത നയരൂപീകരണ സ്ഥാപനമായ നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ (NBTC) നാഷണൽ എയ്ഡ്സ് നിയന്ത്രണ സംഘടനയുടെ ഭാഗമാണ്.

സുരക്ഷിതവും കാര്യക്ഷമവുമായ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സേവനങ്ങൾക്കായി (BTS-ന വേണ്ടി) ഒരു ഘടനാപരമായ ചട്ടക്കൂട് നൽകുന്നതിനായി 2002 ഏപ്രിലിൽ ഇന്ത്യ ഗവൺമെന്റ് ദേശീയ രക്ത നയം (National Blood Policy) രൂപീകരിച്ചു. സുരക്ഷിതവും നല്ല നിലവാരമുള്ളതുമായ രക്തവിതരണം എളുപ്പത്തിൽ ഉറപ്പാക്കുന്നതിന് രാജ്യ വ്യാപകമായ ഒരു സംവിധാനം വികസിപ്പിക്കുക എന്നതാണ് ദേശീയ രക്ത നയത്തിന്റെ ലക്ഷ്യം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗാം-2, നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം-3 എന്നീ പദ്ധതികളിലൂടെ സുരക്ഷിതമായി രക്തദാനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അതിന്റെ ഭാഗമായി ബ്ലഡ് ബാങ്കും, രക്തത്തിലെ ഘടകങ്ങൾ വേർതിരിക്കുന്നതിന് ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റും രക്തത്തിലെ ഘടകങ്ങൾ സൂക്ഷിക്കുന്നതിന് ബ്ലഡ് സ്റ്റോറേജ് യൂണിറ്റും സ്ഥാപിക്കുകയും ചെയ്തു. ബ്ലഡ് ട്രാൻസ്ഫ്യൂഷനിൽ ഏകീകൃത സംവിധാനം ഉറപ്പാക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള രക്ത സുരക്ഷക്കുള്ള പ്രവർത്തന പദ്ധതിയാണ് ദേശീയ രക്ത നയത്തി (NBP)-ലൂടെ നടപ്പിലാക്കിയത്.



256/2026.

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസ് (BTS) ഏതൊരു ആരോഗ്യ സംരക്ഷണ വിതരണ സംവിധാനത്തിലും ഒരു സുപ്രധാന ഘടകമാണ്. നിത്യേന ഉണ്ടാകുന്ന റോഡ് അപകടങ്ങൾ, ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, ശസ്ത്രക്രിയകൾ, പ്രസവം തുടങ്ങിയ സന്ദർഭങ്ങളിലും കാൻസർ, ഡെങ്കു, ഹീമോഫീലിയ, തലാസീമിയ തുടങ്ങിയ രോഗാവസ്ഥകളിലും ജീവൻ നിലനിർത്തുന്നതിന് വേണ്ടി രക്തമോ രക്ത ഘടകങ്ങളോ ആവശ്യമായി വരുന്നു. 18-നും 65-നും ഇടയിൽ പ്രായവും ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള ഏതൊരു വ്യക്തിക്കും മൂന്നു മാസത്തിലൊരിക്കൽ രക്തം ദാനം ചെയ്യാവുന്നതാണ്.

കൃത്യമായ ഇടവേളകളിൽ ആവർത്തിച്ച് രക്തം ദാനം ചെയ്യുന്നതിലൂടെ മാത്രമേ രക്തത്തിന്റെ ലഭ്യതയും സുരക്ഷിതത്വവും ഉറപ്പിക്കാൻ കഴിയുകയുള്ളൂ. സാങ്കേതിക വളർച്ചയുടെ ഫലമായി ദാനം ചെയ്യപ്പെടുന്ന ഓരോ യൂണിറ്റ് രക്തവും പ്ലാസ്മ, ക്രയോ പ്രെസിപിറ്റേറ്റ്, പ്ലേറ്റ്ലെറ്റ്, പി. ആർ. സി. ബി. എന്നീ ഘടകങ്ങളായി വേർതിരിച്ച് നാലുപേരുടെ വരെ ജീവൻ രക്ഷിക്കാൻ ഉപയോഗിക്കുന്നു. രക്ത ദാതാവിന് തന്റെ ശരീരത്തിലെ രക്തചംക്രമണ വ്യവസ്ഥ ശക്തിപ്പെടുകയും ഹൃദ്രോഗം പോലുള്ള ജീവിതശൈലി രോഗങ്ങളെ ഒരു വലിയ പരിധിവരെ നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്യുന്നു. രക്തദാനത്തിന് മുൻപ് HIV, Malaria, ഹെപ്പറ്റൈറ്റിസ് സി, ഹെപ്പറ്റൈറ്റിസ് ബി, സിഫിലിസ് തുടങ്ങിയ രോഗങ്ങളുണ്ടോയെന്ന് പരിശോധനയും നടത്തപ്പെടുന്നതിനാൽ രക്ത ദാതാവിന് ഇത്തരം അസുഖങ്ങൾ ഇല്ലെന്ന് ഉറപ്പു വരുത്താനും സാധിക്കുന്നു.

ഇക്കാര്യങ്ങളാൽ സുരക്ഷിതമായ രക്തബാങ്കിംഗ് സംവിധാനം എന്നത് ആരോഗ്യ മേഖലയിൽ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയം തന്നെയാണ്.

മുൻകാലങ്ങളിൽ രക്തദാനം മുഖേന ഉണ്ടായിരുന്ന രോഗസംക്രമണം 20% ആയിരുന്നത് 0.01% ആയി കുറഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങളുടെ ഗുണനിലവാരം, ജീവനക്കാർക്ക് നൽകേണ്ട ട്രെയിനിങ് ഉൾപ്പെടെ ലോകാരോഗ്യ സംഘടന നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ചാണ് സർക്കാർ-സ്വകാര്യ മേഖലയിലെ രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്. സർക്കാർ-സ്വകാര്യ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന 42 രക്തദാന കേന്ദ്രങ്ങളിൽ 36 എണ്ണത്തിനും പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന 148 എണ്ണത്തിൽ 95 എണ്ണത്തിനും ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് ഉണ്ട്. ഒരു വർഷം ഏകദേശം ആറ് ലക്ഷം യൂണിറ്റ് രക്തമാണ് വിവിധ രോഗങ്ങൾ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ളത്.

രക്തബാങ്കുകളിൽ എല്ലാ ഗ്രൂപ്പിലും പെട്ട രക്തം ലഭ്യമാകണമെങ്കിൽ സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. സന്നദ്ധ രക്തദാനത്തിലൂടെ സ്വീകരിക്കപ്പെടുന്ന രക്തം പരമാവധി 42 ദിവസം മാത്രമേ ലബോറട്ടറികളിൽ സൂക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ രക്തബാങ്കുകളിലേക്ക് ആവശ്യമായ രക്തം ലഭിക്കേണ്ടത് ഒരു തുടർ

പ്രക്രിയയാണ്. മാത്രമല്ല രക്തദാനം ചെയ്യുമ്പോൾ ദാതാവിന്റെ ശരീരത്തിൽ പുതിയ രക്തകോശങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു. ഇത് രക്തദാനത്തിനുശേഷം കൂടുതൽ ഉന്മേഷവും പ്രവർത്തനക്ഷമതയും ശരീരത്തിന് നൽകുന്നു. ആവശ്യമായ രക്തത്തിന്റെ 100% രക്തദാനത്തിലൂടെ ശേഖരിക്കാൻ കഴിഞ്ഞാൽ ഒരു രോഗിക്കും രക്തത്തിനായി ബുദ്ധിമുട്ടേണ്ടി വരില്ല. രക്തദാനത്തിന്റെ ധാർമികതയും ആവശ്യകതയും തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിക്കേണ്ടത് ഓരോ മനുഷ്യന്റെയും കർത്തവ്യമാണ്.

സ്വകാര്യ മേഖലയിലുൾപ്പെടെ എല്ലാ രക്ത ബാങ്കുകളുടെയും കാര്യക്ഷമത പരിശോധിക്കുന്നതിനും രക്തസാമ്പിളുകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ രണ്ടു വർഷം മുൻപ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റേറ്റ് നോഡൽ ബ്ലഡ് സെന്റർ എന്ന ഒരു അപെക്സ് സെന്റർ സ്ഥാപിച്ചിട്ടുണ്ടെന്നും രക്ത ബാങ്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് ഒരു നിശ്ചിത കാലയളവിലോ നിശ്ചിത ശതമാനം രക്തത്തിന്റെയും മറ്റ് ഘടകങ്ങളുടെയും പരിശോധന നടത്തിവരുന്നുണ്ടെന്നും അപൂർവ രക്ത ഗ്രൂപ്പുള്ള ദാതാക്കളെ സംബന്ധിച്ചുള്ള പരിശോധനയും ഇവിടെ നടത്താറുണ്ടെന്നും കൃത്യതയോടെ രക്ത പരിശോധനകൾ നടത്തുന്നതിനുവേണ്ടി രക്തബാങ്കിലെ എല്ലാ വിഭാഗങ്ങളിലും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ നിലവിലുണ്ടെന്നും സമിതി മനസിലാക്കുന്നു.

രണ്ട് വർഷം മുൻപ് കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും പോലീസ് ഡിപ്പാർട്ട്മെന്റും ചേർന്ന് സ്വമേധയായുള്ള രക്തദാനത്തിന്റെ ഭാഗമായി POL APP എന്ന പേരിൽ പ്രത്യേകം മൊബൈൽ ആപ്പ് രൂപീകരിച്ചിട്ടുള്ളതായും അത് മുഖേന കഴിഞ്ഞ വർഷം ഏകദേശം അറുപതിനായിരത്തോളം തവണ രക്തദാനം നടത്തിയിട്ടുള്ളതായും സമിതി മനസിലാക്കുന്നു. <u>പോലീസ് വകുപ്പിലേതു പോലെ മറ്റ് വകുപ്പുകളിലും പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണം നടത്തുകയാണെങ്കിൽ യുവതലമുറയിൽ സ്വമേധയായുള്ള രക്തദാനം വർധിപ്പിക്കുന്നതിന് സഹായകരമാകുമെന്നതിനാൽ വകുപ്പിന്റെ ഭാഗത്തുനിന്നും ആയതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

രക്തത്തെ കച്ചവട ചരക്കായി കാണരുതെന്ന് നിർദേശം നൽകിയെങ്കിലും ഫലം കാണാത്തതിനാൽ രക്തത്തിനും രക്തഘടകങ്ങൾക്കും വില നിശ്ചയിച്ചുകൊണ്ട് ഡ്രഗ്സ് കൺട്രോൾ ജനറൽ ഓഫ് ഇന്ത്യ ഉത്തരവിട്ടതായി സമിതി നിരീക്ഷിക്കുന്നു. ദാതാക്കൾ സേവനമായി നൽകുന്ന രക്തത്തിന് സ്വകാര്യ രക്തബാങ്കുകളും ആശുപത്രികളും അമിത വില ഈടാക്കുന്നില്ല എന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ഉറപ്പുവരുത്തേണ്ടതാണ്. <u>ആയതിനാൽ രക്തത്തിനു അമിത വില ഈടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി</u>



File No. DTETVM/3364/2026-C2 (ACA) (Computer No. 315522)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

സംസ്ഥാന ഡ്രഗ്സ് കൺട്രോളർ പരിശോധന നടത്തണമെന്നും പരാതിയുണ്ടെങ്കിൽ അന്വേഷിച്ച് കർശനമായ നടപടി എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

റെസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ എന്നിവയുൾപ്പെടെയുള്ള സമൂഹത്തിന്റെ വിവിധ തലങ്ങളിൽ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നുണ്ടെന്ന് സമിതി മനസിലാക്കുന്നു. രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് , കോർപറേഷൻ , മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ജനകീയ ക്യാമ്പയിനുകൾ സംഘടിപ്പിക്കണമെന്നും സ്റ്റേറ്റ് ലെവൽ കമ്മിറ്റികൾ ചേരുമ്പോൾ കമ്മിറ്റിയുടെ അവസാനം രക്തദാനത്തെക്കുറിച്ച് സംസാരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നൽകണമെന്നും എഫ്.എം. റേഡിയോ, പരസ്യങ്ങൾ എന്നിവയിലൂടെ പൊതുവായ പ്രചരണം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പുതിയ തലമുറയിൽ രക്തദാനത്തെക്കുറിച്ച് അവബോധം ഉണ്ടാക്കാൻ അവരെ ആകർഷിക്കത്തക്കരീതിയിൽ പുതിയ രീതിയിൽ കാമ്പയിനുകൾ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കോളേജുകളിലും യൂണിവേഴ്സിറ്റികളിലും രക്തദാനം സംബന്ധിച്ച് ബോധവൽക്കരണം നടത്തിയാൽ അവിടെയുള്ള യുവതലമുറയെ സ്വമേധയായുള്ള രക്തദാനത്തിന് മുന്നോട്ടുകൊണ്ടുവരാൻ സാധിക്കുമെന്നതിനാൽ കോളേജ് ക്യാമ്പസുകളിൽ രക്തദാനം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നല്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ട്രാൻസ്ഫ്യൂഷൻ സേവനങ്ങളിലെ പ്രധാന വെല്ലുവിളിയായ അനുയോജ്യമായ രക്തം കണ്ടെത്താനുള്ള ബുദ്ധിമുട്ടിന് പരിഹാരമായി നിരവധി ആന്റിജനുകൾ പരിശോധിച്ച് അപൂർവ്വ രക്തദാതാക്കളെ തിരിച്ചറിയാനുള്ള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ പുറത്തിറക്കിയതായി സമിതി മനസിലാക്കുന്നു. തിരുവനന്തപുരം, കോട്ടയം,തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളെ ഏകോപിപ്പിച്ചു കൊണ്ട് തയാറാക്കിയ ഈ രജിസ്ട്രി പല തവണ രക്തം സ്വീകരിക്കേണ്ടതായി വരുന്ന തലാസീമിയ, അരിവാൾ രോഗം, കാൻസർ തുടങ്ങിയ രോഗം ബാധിച്ചവർക്ക് അനുയോജ്യ രക്തദാതാവിനെ കണ്ടെത്തുന്നതിൽ സഹായകരമാകുമെന്ന് സമിതി കരുതുന്നു. കൂടുതൽ രോഗികൾക്ക് ഉപകാരപ്പെടാൻ പ്രസ്തുത രജിസ്ട്രിയെ പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ജില്ലകളിൽ ഇതര ജില്ലകളിലെ സന്നദ്ധ രക്തദാതാക്കളെ കൂടി ഉൾപ്പെടുത്തി രജിസ്ട്രി വിപുലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്ത് ഉടനീളം സുരക്ഷിതവും അനുയോജ്യവുമായ രക്ത യൂണിറ്റുകളുടെ ലഭ്യതയെക്കുറിച്ചുള്ള തൽസമയ വിവരങ്ങൾ അറിയാനായി കേന്ദ്രീകൃത സോഫ്റ്റ്‌വെയർ

ആയ ബ്ലഡ് ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷൻ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കെ-ഡിസ്ക് , കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ, ഇ-ഹെൽത്ത് എന്നിവ ചേർന്ന് തയ്യാറാക്കുന്നതായി സമിതി മനസിലാക്കുന്നു. എല്ലാ സർക്കാർ ബ്ലഡ് ബാങ്കുകളെയും ബന്ധിപ്പിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയർ ആയ ബ്ലഡ് ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷനിൽ എല്ലാ സ്വകാര്യ ബ്ലഡ് ബാങ്കുകളെയും കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

രക്തബാങ്കുകൾ നമ്മുടെ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലായി 42 എണ്ണവും സ്വകാര്യ ആശുപത്രികളിൽ 148 എണ്ണവും പ്രവർത്തിക്കുന്നതായും രക്തദാന ക്യാമ്പുകളിൽ നിന്നും സ്വീകരിക്കുന്ന രക്തം രക്തബാങ്കുകളിൽ എത്തിക്കുന്നതിനുവേണ്ടി ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാഹനങ്ങളുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുള്ളതായും രക്തബാങ്കുകൾ ഇല്ലാത്ത ആശുപത്രികളിലെ രോഗികൾക്ക് സുരക്ഷിതമായ രക്തം ലഭ്യമാക്കുന്നതിനായി 57 സ്ഥലങ്ങളിൽ സർക്കാർ അംഗീകൃത സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ ആംബുലൻസ് സർവീസുകൾ പോലെ അത്യാഹിത വിഭാഗത്തിൽ പ്രവർത്തിക്കേണ്ട ബ്ലഡ് ബാങ്കുകൾ പലപ്പോഴും ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും പ്രവർത്തിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ രക്തം സ്വീകരിക്കുന്ന സമയം രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെയായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ജോലിക്ക് പോകുന്നവർക്കും വിദ്യാർത്ഥികൾക്കും രക്തദാനത്തിന് തടസ്സമാകുന്നതായും സമിതി നിരീക്ഷിക്കുന്നു. ഓരോ മിനിറ്റിലും എവിടെയെങ്കിലും ഒരാൾക്ക് രക്തം ആവശ്യമായി വരുന്നു എന്നതിനാൽ ഞായറാഴ്ച ഉൾപ്പെടെയുള്ള എല്ലാ അവധി ദിവസങ്ങളിലും എല്ലാ രക്ത ബാങ്കുകളും പ്രവർത്തിപ്പിക്കണമെന്നും രക്തദാനത്തിനായുള്ള രക്തബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 7 മണി വരെ ദീർഘിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി, സംസ്ഥാനത്ത് രക്തദാന ക്യാമ്പുകൾക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മൊബൈൽ രക്തബാങ്ക് യൂണിറ്റിൽ രക്തദാന നടപടിക്രമത്തിന് ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ/ സജ്ജീകരണങ്ങൾ ഉള്ളതിനാൽ ഇതുവഴിയുള്ള രക്തദാനം സാധാരണയായി പൊതുസ്ഥലങ്ങളിലാണ് നടക്കുന്നത്. മൊബൈൽ ബ്ലഡ് ബാങ്ക് യൂണിറ്റിനെ കുറിച്ചുള്ള അവബോധം, അതിന്റെ സൗകര്യങ്ങളും പ്രത്യേകതകളും എന്നിവ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു. സംസ്ഥാനത്ത് മൊബൈൽ ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നതിനാൽ രക്തദാന ക്യാമ്പ് നടത്താനായി





Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 04/05/2026 03:29 PM

6

<u>പണം മുടക്കി ഹാളുകൾ ബുക്ക് ചെയ്യുന്നതിന് പകരമായി മൊബൈൽ ബ്ലഡ് ബാങ്കിന്റെ സേവനം സൗജന്യമായി ഉപയോഗപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

ജീവൻ രക്ഷിക്കുക എന്ന പ്രധാനപ്പെട്ട കർമ്മമാണ് രക്തദാനത്തിലൂടെ നിറവേറ്റപ്പെടുന്നത്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണം അനായാസകരമാക്കപ്പെടാൻ രക്തദാന സന്നദ്ധത ഇനിയും വർദ്ധിപ്പിക്കപ്പെടേണ്ടതായുണ്ട്. വർഷംതോറും ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവനാണ് രക്തദാനത്തിലൂടെ രക്ഷിക്കപ്പെടുന്നത്. ജീവിതത്തിന്റെ സന്നിഗ്ധമായ ഘട്ടത്തിലാണ് രക്തദാനത്തിന്റെ മഹത്വം നമുക്ക് ബോധ്യമാകുന്നത്. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 60% രാജ്യങ്ങളിലാണ് സന്നദ്ധ സേവകരിൽ നിന്ന് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ രക്തം ലഭ്യമാകുന്നത്.

**വീണാ ജോർജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.